

# കരുതലും സാന്ത്വനവുമേകി ചെയിൻ കോൾ

കോവിഡ് ബോധവത്ക്കരണത്തിന്റെ ഭാഗമായി ചെയിൻ കോൾ വഴി എല്ലാ അയൽക്കൂട്ടാംഗങ്ങളെയും അതാത് അയൽക്കൂട്ടത്തിന്റെ പ്രസിഡന്റും സെക്രട്ടറിയും ഫോൺ ചെയ്ത് വിവരാന്വേഷണം നടത്തുന്നതിനെക്കുറിച്ചും വേണ്ട സഹായങ്ങൾ എത്തിക്കാൻ മുൻകൈയെടുക്കുന്നതിനെക്കുറിച്ചും Making an Impact 475 ൽ എഴുതിയിരുന്നുവല്ലോ. ഇന്ന് വരെ 21,20,702 കുടുംബശ്രീ കുടുംബങ്ങളെ ഫോൺ ചെയ്തു കഴിഞ്ഞു. അവർക്ക് വേണ്ട ഉപദേശവും പ്രചോദനവും സഹായങ്ങളും കരുതലോടെയിരിക്കണമെന്ന സന്ദേശവുമൊക്കെ നൽകാനും കഴിഞ്ഞിട്ടുണ്ട്. ഇതിൽ നിന്ന് ലഭിച്ച പ്രതികരണങ്ങൾ ഇന്ന് നിങ്ങൾക്കായി പങ്കുവയ്ക്കട്ടെ. ഈ പ്രവർത്തനം കുടുംബശ്രീ അംഗങ്ങൾ എത്ര മികച്ച രീതിയിൽ ഏറ്റെടുത്തുവെന്നുള്ളതിന്റെ ഉദാഹരണമാണ് ഇവ.

1. എറണാകുളം ജില്ലയിലെ തിരുവാണിയൂർ ഗ്രാമപഞ്ചായത്ത് വാർഡ് 2 എ.ഡി.എസ്, ചെയിൻ കോൾ പദ്ധതിയുടെ ഭാഗമായി അയൽക്കൂട്ടാംഗങ്ങളെ വിളിച്ചു. ബുദ്ധിമുട്ടുകൾ നേരിടുന്നവർക്ക് 80 ഭക്ഷ്യ കിറ്റുകൾ തയാറാക്കി വിതരണം ചെയ്തു.
2. നമ്മുടെ ഫോൺ പ്രതീക്ഷിച്ചിരിക്കുന്ന നിരവധി അംഗങ്ങളുണ്ട്, കോവിഡ് ബാധിച്ചിട്ടില്ലെങ്കിലും ആരോഗ്യ പ്രശ്നങ്ങളുള്ളവർക്ക് സഹായങ്ങൾ എത്തിക്കുന്നു. നൽകുന്ന സന്ദേശങ്ങൾ എല്ലാ അം

ഗങ്ങളിലേക്കും എത്തുന്നു. അതിനുള്ള പ്രതികരണങ്ങളും ലഭിക്കുന്നു. കുറഞ്ഞത് പത്ത് മിനിറ്റെങ്കിലും ഓരോരുത്തരോടും സംസാരിക്കുകയും അവസ്ഥകൾ അന്വേഷിക്കുകയും ചെയ്തുവരികയാണ്. ഇങ്ങനെയൊരു ഫോൺ കോൾ ചെല്ലുന്നത് തന്നെ അവർക്ക് ഏറെ ആശ്വാസമേകുന്നു- റിസോഴ്സ് പേഴ്സൺ, തൃശ്ശൂർ.

3. ലോക്ഡൗൺ ആരംഭിച്ചത് മുതൽ ഞങ്ങൾ അയൽക്കൂട്ടാംഗങ്ങൾക്ക് പരസ്പരം കാണാനോ വിവരങ്ങൾ ആരായാനോ കഴിഞ്ഞിരുന്നില്ല. ചെയിൻ കോൾ പദ്ധതിയുടെ ഭാഗമായാണ് ഞാൻ എന്റെ അയൽക്കൂട്ടാംഗങ്ങളെയെല്ലാവരെയും ഫോൺ ചെയ്ത് വിവരങ്ങൾ ആരായണമെന്ന് തീരുമാനിച്ചത്. അങ്ങനെ ഫോൺ ചെയ്യുന്നതിനിടെയാണ് അംഗങ്ങളിലൊരാളുടെ ദുരവസ്ഥയറിയുന്നത്. ഭക്ഷണം പാകം ചെയ്യാനുള്ള സാധനങ്ങൾ പലതും അവരുടെ വീട്ടിലുണ്ടായിരുന്നില്ല. ഇക്കാര്യം അറിഞ്ഞ ഉടൻ തന്നെ മറ്റ് അംഗങ്ങളോട് കൂടി ആലോചിച്ച് അവരുടെ വീട്ടിലേക്ക് 900 രൂപയുടെ പലചരക്ക് സാധനങ്ങൾ വാങ്ങി നൽകി. കൂടാതെ ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുന്ന ഒരാൾക്ക് പണം സംഘടിപ്പിച്ച് നൽകാനും തീരുമാനിച്ചിട്ടുണ്ട്. - ഒരു സി.ഡി.എസ് അംഗം, പാലക്കാട്.

4. അഞ്ചംഗങ്ങളുള്ള കുടുംബത്തിലെ ഏവർക്കും കോവിഡ് ആണെന്ന് വിളിച്ചപ്പോൾ അറിഞ്ഞു. അവർക്ക് ഭക്ഷണത്തിനും മറ്റുമായി ആ വീട്ടുകാർക്ക് വേണ്ടി ഭക്ഷ്യക്കിറ്റ് എത്തിച്ച് നൽകാൻ കഴിഞ്ഞു- സി.ഡി.എസ് അംഗം, കണ്ണൂർ.

5. സി.ഡി.എസ് മെമ്പർമാരിൽ ഒരാൾ തന്നെ കോവിഡ് പോസിറ്റീവാണെന്ന് അറിഞ്ഞു. മകൾ പ്രസവം കഴിഞ്ഞ് കിടക്കുകയും കൂടിയായിരുന്നു. കുടുംബത്തിലെ മറ്റ് നാല് അംഗങ്ങളും കോവിഡ് പോസിറ്റീവായിരുന്നു. അതിനാൽ കോവിഡ് വന്ന് ക്ഷീണിതയായ സി.ഡി.എസ് അംഗം തന്നെ വീട്ടുകാർക്ക് ഭക്ഷണം തയാറാക്കി നൽകി വരികയായിരുന്നു. ഇതറിഞ്ഞതോടെ അടുത്തുള്ള ജനകീയ ഹോട്ടലിൽ നിന്ന് ഇവർക്ക് ഭക്ഷണം എത്തിച്ച് നൽകാനുള്ള സൗകര്യം വാർഡ് മെമ്പറുമായി ചേർന്ന് ചെയ്ത് നൽകി- സി. ഡി.എസ് അംഗം, കോഴിക്കോട്.

45 ലക്ഷം കുടുംബശ്രീ അംഗങ്ങളെയും ഫോൺ ചെയ്ത്, കോവിഡിനെ പ്രതിരോധിക്കാൻ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കാനും അവർക്ക് വേണ്ട സഹായങ്ങൾ വിവിധ സംയോജനങ്ങളിലൂടെ നൽകാനും ലക്ഷ്യമിട്ടാണ് ചെയിൻ കോൾ പദ്ധതി ആരംഭിച്ചത്. അനേകം പേരിലേക്ക് സഹായമെത്തിക്കുന്ന രീതിയിൽ ഈ പദ്ധതി വഴി മികച്ച ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. ചുരുക്കം ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ നൽകിയത്. മികച്ച രീതിയിൽ കോവിഡിനെതിരേ പ്രതിരോധം കെട്ടിയുയർത്താൻ ഈ പദ്ധതി വഴി കുടുംബശ്രീ ടീമിന് കഴിയട്ടെയെന്ന് പ്രതീക്ഷിക്കുന്നു.